**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4406** 25.06.2019-ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ കിഫ്ബി പ്രവൃത്തികൾ**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടും ടെൻഡർ നടപടി പൂർത്തിയാക്കാത്ത റോഡ് പ്രവൃത്തികളുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br>(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി എന്നത്തേക്ക് ടെൻഡർ ചെയ്യാനാകുമെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും | ഉണ്ട്. ചെറുവത്തൂർ - ചീമേനി ഐ.ടി പാർക്ക് പാലവയൽ - ഭീമനടി - മുക്കട റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തി ടെണ്ടർ ചെയ്യുകയും 17.06.2019-ന് ഫിനാൻഷ്യൽ ബിഡ് തുറന്നിട്ടുള്ളതുമാണ്. ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി 2019 ജൂലൈ മാസത്തോടെ കരാർ ചെയ്യുവാൻ സാധിക്കുമെന്ന് കരുതുന്നു. ബോവിക്കാനം - കാനത്തൂർ - കുറ്റിക്കോൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ, ബദിയടുക്ക – ഏത്തടുക്ക – സുള്ള്യപദവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്നീ പ്രവൃത്തികൾക്ക് 2019 ജൂലൈ മാസത്തോടുകൂടി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ